# കേരളസർവകലാശാല

നം.പി.ആർ.145/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2022-23

കേരളസർവകലാശാലയുടെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുളള 2022-23 അദ്ധ്യയന വർഷത്തിലേക്കുളള പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടലിൽ നൽകിയിരിക്കുന്ന കോളേജുകളുടേയും കോഴ്സുകളുടേയും ലിസ്റ്റിൽ താഴെ പറയുന്ന കോളേജുകളും കോഴ്സുകളും കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ. | കോളേജ് | കോഴ്സ് |
|---|---|---|
| 1 | യു. ഐ. റ്റി, നെയ്യാറ്റിൻകര | എം.കോം-ഫിനാൻസ് |
| 2 | യു. ഐ. റ്റി, വക്കം | എം.കോം-ഫിനാൻസ് |
| 3 | യു. ഐ. റ്റി, വെളളറട | എം.കോം-ഫിനാൻസ് |
| 4 | യു. ഐ. റ്റി, കൊല്ലം | എം.എസ്സി.-കംപ്യൂട്ടർ സയൻസ് |
| 5 | യു. ഐ. റ്റി, ഏരൂർ | എം.കോം-ഫിനാൻസ് |
| 6 | യു. ഐ. റ്റി, ആലപ്പുഴ | എം.എസ്സി-കംപ്യൂട്ടർ സയൻസ് |
| 7 | യു. ഐ. റ്റി, പത്തനാപുരം | എം.കോം-ഫിനാൻസ് |
| 8 | കോളേജ് ഓഫ് അപ്ലയ്ഡ് സയൻസ് അടൂർ | എം.എസ്സി-കംപ്യൂട്ടർ സയൻസ് |

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ജൂലൈ 11 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ന്യൂജനറേഷൻ ഡബിൾ മെയിൻ ബി.എ./ബി.എസ്സി./ബി.കോം. പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 13 ന് നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 അപ്ലൈഡ് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് ശാഖയുടെ പ്രായോഗിക പരീക്ഷ ജൂലൈ 14 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ ബി.പി.എ. മൃദംഗം, ഡാൻസ് എന്നീ പരീക്ഷകളുടെ പ്രാക്ടിക്കൽ യഥാക്രമം ജൂലൈ 25, 26 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ./എം. എസ്സി./എം.കോം. പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത് കോവിഡ് കാരണം എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റേയോ, തദ്ദേശസ്വംയഭരണവകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം ജൂലൈ 20 നകം അതാത് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

## അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ - അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ഇംഗ്ലീഷ് പഠനവകുപ്പ് നടത്തുന്ന “APGDEC (അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ)” പാർട്ട് ടൈം സായാഹ്ന കോഴ്സിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള തീയതി 2022 ജൂലൈ 18 വരെ നീട്ടിയിരിക്കുന്നു. യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. കേരളസർവകലാശാല ക്യാഷ് കൗണ്ടറിലോ ഓൺലൈനായോ മുപ്പത് രൂപ ഒടുക്കിയ ചെലാൻ ഇംഗ്ലീഷ് പഠനവകുപ്പിൽ സമർപ്പിച്ച് അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ്.

## കരിക്കുലം ഡിസൈൻ ഇംപ്ലിമെന്റേഷൻ ആന്റ് ലേണിംഗ് ഔട്ട്കം - ഹ്രസ്വകാല കോഴ്സ്

കേരളസർവകലാശാലയിലെ യു.ജി.സി. ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ 2022 ആഗസ്റ്റ് 19 മുതൽ 25 വരെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കു വേണ്ടി നടത്തുന്ന കരിക്കുലം ഡിസൈൻ ഇംപ്ലിമെന്റേഷൻ ആന്റ് ലേണിംഗ് ഔട്ട്കം ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും www.keralauniversity.ac.in/ugcasc എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷകൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടു കൂടി hrdcunike@yahoo.com എന്ന ഇ-മെയിൽ ഐ.ഡി.യിൽ 2022 ജൂലൈ 30 ന് മുൻപ് ഇ-മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ അപേക്ഷകൾ ദി ഡയറക്ടർ, യു.ജി.സി. ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം 695581 എന്ന വിലാസത്തിൽ തപാൽ വഴി ജൂലൈ 30 ന് മുൻപ് ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

തിരുവനന്തപുരം,
11.07.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**